**Adv. MINIMOL. V.K.**
CHAIRPERSON
HEALTH STANDING COMMITTEE
KOCHI MUNICIPAL CORPORATION

Mob : 9746349605
E-mail:minimolpalarivattom@gmail.com
Achu-Anu,
Vattathipadam Road,
Palarivattom P.O.,
Kochi - 682 025

Date 01.07.2016

## സദയം പ്രസിദ്ധീകരണത്തിന്

മഴക്കാലരോഗങ്ങളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കൊച്ചി നഗരസഭയിലെ 32 ഹോമിയോ ഡിസ്പെൻസറികൾ കേന്ദ്രീകരിച്ച് 74ഡിവിഷനുകളിലായി ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയാണ്. ആയതിന്റെ മുന്നോടിയായി ഇന്നേ ദിവസം **ജൂലൈ 01ന്വെള്ളി**യാഴ്ച്ച വൈകിട്ട് 03.00ന് ഗാന്ധിനഗർ ഉദയഭവൻ എസ്.ഡി.കോൺവെന്റ് ഹാളിൽ വച്ച് മഴക്കാല രോഗങ്ങൾക്കുളള പ്രതിരോധമരുന്ന് നൽകി ബഹു.മേയർ ശ്രീമതി.സൗമിനി ജയിൻ ക്യാമ്പുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

വിദ്യാഭ്യാസ–കായിക സ്ഥിരം സമിതി ചെയർപേഴ്സൻ ഡോ.പൂർണ്ണിമ നാരായണൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ ബഹു. ക്ഷേമകാര്യകമ്മിറ്റി ചെയർമാൻ ശ്രീ.എ.ബി.സാബു അദ്ധ്യക്ഷത വഹിച്ചു.

മഴക്കാല രോഗങ്ങളായ വൈറൽ ഫീവർ,ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾക്കുളള പ്രതിരോധ മരുന്നുകളാണ് വിതരണം ചെയ്യുന്നതെന്നും നഗരസഭയുടേതായി പ്രവർത്തിക്കുന്ന 32 ഹോമിയോ ഡിസ്പെൻസറികളിലൂടെ നൽകി വരുന്ന സേവനത്തിനു പുറമെ ആണ് ഒരു ലക്ഷം രൂപയ്ക്കടുത്ത് മരുന്നിനായി ചിലവഴിച്ച് നഗരസഭയുടെ തന്നെ ഹോമിയോ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി ഡിവിഷൻ കൗൺസിലർമാരുടെ നേതൃത്വത്തിൽ റസിഡന്റ്സ് അസ്സോസിയേഷനുകളുടെ കൂടെ സഹകരണത്തോടെ ജൂലൈ മാസം 31 വരെ നീണ്ടു നിൽക്കുന്ന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതെന്നും മുലയൂട്ടുന്ന അമ്മമാർ ഒഴികെ പ്രായഭേദമന്യേ ഏകദേശം 50,000 പേർക്ക് പ്രതിരോധ മരുന്ന് വിതരണം ചെയ്യാൻ സാധിക്കുമെന്നും തുടർന്നുള്ള ദിവസങ്ങളിൽ എല്ലാ ഡിവിഷനുകളിലും ഡിവിഷൻതല ഹോമിയോ ക്യാമ്പുകളും ഉണ്ടാകുന്നതാണെന്നും പകർച്ച വ്യാധികളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിന് ഈ ക്യാമ്പുകളിലൂടെ കഴിയുമെന്നും ഈ സംരഭത്തിന് മുൻവർഷങ്ങളിലെന്ന പോലെ വമ്പിച്ച ജന പിന്തുണയാണ് പ്രതീക്ഷിക്കുന്നതെന്നും ഹെൽത്ത് കമ്മിറ്റി ചെയർപേഴ്സൻ അഡ്വ.മിനിമോൾ.വി.കെ.അറിയിച്ചു.

തുടർന്ന് ടൗൺപ്ലാനിങ്ങ് കമ്മിറ്റി ചെയർപേഴ്സൻ ശ്രീമതി.ഷൈനി മാത്യു, വികസന കാര്യ കമ്മിറ്റി ചെയർപേഴ്സൻ ശ്രീമതി.ഗ്രേസി ജോസഫ് എന്നിവർ ആശംസയർപ്പിച്ചു.

മേൽ വാർത്ത താങ്കളുടെ മാധ്യമത്തിൽ പ്രസിദ്ധീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു.

(ഒപ്പ്)
അഡ്വ.മിനിമോൾ.വികെ
ചെയർപേഴ്സൺ,ഹെൽത്ത് കമ്മിറ്റി
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ